REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 13-11-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ഡൽഹി സ്ഫോടനത്തിൽ പൊട്ടിത്തെറിച്ച കാർ ഓടിച്ചിരുന്നത് ഫരീദാബാദിലെ ഡോ. ഉമർ മുഹമ്മദ് തന്നെ ആയിരുന്നുവെന്ന് ഡൽഹി പൊലീസ്.
- കേന്ദ്രം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ തൊഴിൽ കോഡുകളിൽ കേരളത്തിന് വിയോജിപ്പുണ്ടെന്ന് മന്ത്രി V ശിവൻകുട്ടി.
- സംസ്ഥാനത്തെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും.
- ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും.
- സംസ്ഥാനത്തെ മെഡിക്കൽ കോളജ് ഡോക്ടർമാരുടെ OP ബഹിഷ്കരണ സമരം തുടരുന്നു.

## വാർത്തകൾ വിശദമായി

**ഡൽഹിയിലെ ചുവപ്പ് കോട്ടക്ക് സമീപം സ്ഫോടനത്തിൽ പൊട്ടിത്തെറിച്ച i20 കാർ ഓടിച്ചിരുന്നത് ഫരീദാബാദിലെ അൽ ഫലാഹ് സർവകലാശാലയിലെ സീനിയർ ഡോക്ടറായ ഉമർ മുഹമ്മദ് തന്നെയായിരുന്നുവെന്ന് ഡൽഹി പൊലീസ് അറിയിച്ചു. DNA പരിശോധനാ ഫലത്തിലൂടെയാണ് ഇയാളെ തിരിച്ചറിയാനായതെന്ന് പൊലീസ് കേന്ദ്രങ്ങൾ പറഞ്ഞു.**

**DNA സാമ്പിൾ അമ്മയുടെയും സഹോദരന്റെയും സാമ്പിളുമായി 100 ശതമാനം പൊരുത്തപ്പെട്ടുവെന്ന് ഡൽഹി പോലീസ് അറിയിച്ചു. i20**

യുടെ അവശിഷ്ടങ്ങൾക്കുള്ളിൽ നിന്ന് ലഭിച്ച അസ്ഥി കഷണങ്ങൾ, പല്ലുകൾ, വസ്ത്രങ്ങൾ എന്നിവയിൽ നിന്നാണ് DNA വേർതിരിച്ചെടുത്തത്.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ബോട്സ്വാന സന്ദർശനം ഇന്ന് പൂർത്തിയാകും. പ്രോജക്ട് ചീറ്റയ്ക്ക് കീഴിൽ ബോട്സ്വാന ഇന്ത്യക്ക് എട്ട് ചീറ്റപുലികളെ ഇന്ന് കൈമാറും. സന്ദർശനം അവസാനിപ്പിക്കും മുമ്പ് ബോട്സ്വാനയിലെ ഇന്ത്യൻ സമൂഹവുമായി രാഷ്ട്രപതി സംവദിക്കും.

✪✪✪

MSME കൾ ഉൾപ്പെടെ കയറ്റുമതിക്കാർക്ക് നൂറ് ശതമാനം ക്രെഡിറ്റ് ഗ്യാരണ്ടി വാഗ്ദാനം ചെയ്യുന്ന പുതിയ ക്രഡിറ്റ് ഗ്യാരണ്ടി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഈ പദ്ധതി പ്രകാരം 20,000 കോടി രൂപ വരെ വായ്പ ലഭ്യമാക്കും. പണലഭ്യത ശക്തിപ്പെടുത്താനും, ഇന്ത്യയുടെ ആഗോള മത്സരശേഷി വർദ്ധിപ്പിക്കാനും പദ്ധതിക്ക് കഴിയും. രാജ്യത്തിന്റെ ഒരു ട്രില്യൺ ഡോളർ കയറ്റുമതി എന്ന ലക്ഷ്യത്തെ പിന്തുണയ്ക്കാനും, ആത്മനിർഭർ ഭാരത് ദർശനത്തെ പ്രോത്സാഹിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

✪✪✪

കേന്ദ്ര മന്ത്രിസഭ ഇന്നലെ അംഗീകരിച്ച ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി ആഗോള മത്സരശേഷി വർദ്ധിപ്പിക്കുകയും സുഗമമായ ബിസിനസ് പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ഇന്ത്യയെ സ്വാശ്രയ രാഷ്ട്രമാക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. കയറ്റുമതി പ്രോത്സാഹന മിഷൻ, കയറ്റുമതി മത്സരശേഷി മെച്ചപ്പെടുത്തുമെന്നും MSMEകളെയും, ആദ്യമായി കയറ്റുമതി ചെയ്യുന്നവരെയും, തൊഴിൽ കേന്ദ്രീകൃത മേഖലകളെയും സഹായിക്കുമെന്നും മോദി അറിയിച്ചു.

✪✪✪

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. 38 ജില്ലകളിൽ 46 കേന്ദ്രങ്ങളിലായിരിക്കും വോട്ടെണ്ണൽ. രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും, VVപാറ്റുകളും ത്രിതല സുരക്ഷയിലാണ് സൂക്ഷിച്ചിരിക്കുന്നത്. CCTV നിരീക്ഷണവും സ്ട്രോംങ്റൂമു കൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

CPIM പോളിറ്റ് ബ്യൂറോ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പും കേരളത്തിലേയും ബംഗാളിലേയും ഉൾപ്പെടെ അടുത്ത വർഷം നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളും യോഗം ചർച്ച ചെയ്യും.

✪✪✪

സ്വകാര്യ വ്യവസായങ്ങൾ, ലബോറട്ടറികൾ, പരിശോധനാ കേന്ദ്രങ്ങൾ എന്നിവയ്ക്ക് ഗവൺമെന്റ് അംഗീകൃത ടെസ്റ്റ് സെന്ററുകളായി അംഗീകാരം ലഭിക്കുന്നതിന് ഉപഭോക്തൃ കാര്യ വകുപ്പ് ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. ഈ മാസം 30 വരെ ഔദ്യോഗിക പോർട്ടൽ വഴി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാമെന്ന് ഉപഭോക്തൃ കാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

ഗുജറാത്തിൽ അനധികൃത ബംഗ്ലാദേശി കുടിയേറ്റക്കാർ ഉൾപ്പെട്ട അൽഖൊയ്ദ ഭീകരവാദ ഗൂഢാലോചന കേസുമായി ബന്ധപ്പെട്ട്, അഞ്ച് സംസ്ഥാനങ്ങളിൽ പത്തിടത്ത് NIA, റെയ്ഡ് നടത്തി. പശ്ചിമബംഗാൾ, ത്രിപുര, മേഘാലയ, ഹരിയാന, ഗുജറാത്ത് സംസ്ഥാനങ്ങളിലെ റെയ്ഡിൽ നിരവധി ഡിജിറ്റൽ ഉപകരണങ്ങളും, രേഖകളും പിടിച്ചെടുത്തതായി NIA അറിയിച്ചു.

✪✪✪

2025 ലെ 130 -ാം ഭരണഘടന ഭേദഗതി ബിൽ, ജമ്മുകശ്മീർ പുനഃസംഘടനാ ഭേദഗതിബിൽ, കേന്ദ്രഭരണ പ്രദേശങ്ങളുടെ ഭേദഗതിബിൽ തുടങ്ങിയവ പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതിയുടെ ചെയർപേഴ്സണായി BJP MP അപരാജിത സാരംഗിയെ നിയമിച്ചു. 31 അംഗ പാനലിൽ പ്രതിപക്ഷത്തു നിന്ന് നാല് അംഗങ്ങളും, BJP യിൽ നിന്ന് 15 പേരും, NDA ഘടക കക്ഷികളിൽ നിന്ന് 11 പേരെയുമാണ് നാമനിർദ്ദേശം ചെയ്തത്.

✪✪✪

കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ തൊഴിൽ കോഡുകളിൽ കേരളത്തിന് വിയോജിപ്പുണ്ടെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. ട്രേഡ് യൂണിയനുകൾ ഉന്നയിച്ച ആശങ്കകൾ കേന്ദ്രഗവൺമെന്റ് പരിഹരിക്കണമെന്നും, തൊഴിലാളികളുടെ ക്ഷേമത്തിൽ വിട്ടുവീഴ്ചയ്ക്കില്ലെന്നും ന്യൂഡൽഹിയിൽ ദേശീയ

തൊഴിൽ മന്ത്രിമാരുടെ സമ്മേളനത്തിൽ ആവശ്യപ്പെട്ടതായി മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

കേരളം തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളിലും തൊഴിൽ നിയമ പരിഷ്കാരങ്ങളിലും കൈവരിച്ച സുപ്രധാന നേട്ടങ്ങൾ സമ്മേളനത്തിൽ വിശദീകരിച്ചതായി മന്ത്രി പറഞ്ഞു. സാമൂഹിക നീതിക്ക് ഊന്നൽ നൽകിയ കേരളത്തിന്റെ നിയമനിർമ്മാണ പരിഷ്കാരങ്ങളും പദ്ധതികളും ശ്രദ്ധയിൽ കൊണ്ടുവന്നു. തൊഴിൽ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതിനാൽ, തൊഴിലാളികളുടെ ഉന്നമനം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത ഉത്തരവാദിത്തമാണെന്ന കാര്യം കേരളം ഉന്നയിച്ചെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

PM-ശ്രീ വിഷയത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഭരണപരമായ ബാധ്യതയുടെയും, വിട്ടുവീഴ്ചയില്ലാത്ത നിലപാടിന്റെയും സംയോജനമാണ് ഉണ്ടായതെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതി വഴി ലഭിക്കുന്ന ഫണ്ട് കേരളത്തിന്റെയും അവകാശമാണെന്നും, മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

PM ശ്രീയിൽ ഒപ്പുവെക്കാൻ ശ്രമം നടത്തിയത് സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ കുട്ടികൾക്കും, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും വേണ്ടിയാണെന്ന് മന്ത്രി വ്യക്തമാക്കി. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഒരു വിദ്യാഭ്യാസ പദ്ധതിയെ മാത്രം ആശ്രയിച്ചല്ല മുന്നോട്ടു പോകുന്നതെന്നും ശിവൻകുട്ടി പറഞ്ഞു,

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. നാളെ മുതൽ രാവിലെ 11 നും ഉച്ചകഴിഞ്ഞ് മൂന്നിനും ഇടയിൽ നാമനിർദേശ പത്രിക സമർപ്പിക്കാം. പത്രികാ സമർപ്പണത്തിന്റെ അവസാന തീയതി ഈ മാസം 21 ആണ്.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.

.....(വോയ്സ്)......

✪✪✪

പ്രത്യേക വോട്ടർ പട്ടിക പരിഷ്ക്കരണ എന്യൂമറേഷൻ ഫോറം വിതരണത്തിൽ കാസർഗോഡ് ജില്ല സംസ്ഥാന തലത്തിൽ ഒന്നാമതെത്തി. ഇതുവരെ ഏഴ് ലക്ഷത്തി 55,612 ഫോമുകൾ വിതരണം ചെയ്തു. SIR പ്രാഥമിക പ്രവർത്തനങ്ങൾ ഡിസംബർ നാല് വരെ തുടരും.

✪✪✪

സംസ്ഥാനത്തെ മെഡിക്കൽ കോളജ് ഡോക്ടർമാരുടെ OP ബഹിഷ്കരണ സമരം തുടരുന്നു. ഡോക്ടർമാർ KGMCTA യുടെ നേതൃത്വത്തിൽ അടിയന്തിര ചികിത്സ ഒഴികെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുകയാണ്. KGMCTA ഉന്നയിച്ച ആവശ്യങ്ങളിൽ ഗവൺമെന്റിൽ നിന്ന് അനുകൂല നടപടിയുണ്ടാകാത്തതിൽ പ്രതിഷേധിച്ചാണ് പണിമുടക്ക്.

. ഹൗസ് സർജൻമാരും PG ഡോക്ടർ മാരുമാണ് പ്രധാനമാ യും ആശുപത്രികളിലെ സേവനങ്ങൾ ലഭ്യമാക്കുന്നത്. സമരം ചെയ്യുന്ന ഡോക്ടർമാർ വിവിധ കേന്ദ്രങ്ങളിൽ പ്രകടനവും പ്രതിഷേധ യോഗവും നടത്തി.

അഡ്മിറ്റായ രോഗികളുടെ ചികിത്സ, കാഷ്വാലിറ്റി, ലേബർ റൂം, ICU അടിയന്തിര ശസ്ത്രക്രിയകൾ, പോസ്റ്റുമോർട്ടം പരിശോധനകൾ തുടങ്ങിയ അടിയന്തിര സേവനങ്ങൾ തടസ്സമില്ലാതെ തുടരുന്നുണ്ട്.

✪✪✪

മണ്ഡല മകരവിളക്ക് തീർഥാടനകാലത്തിന് ശബരിമല നടതുറക്കാൻ ഇനി രണ്ടു നാൾ മാത്രം. 14 ദിവസത്തെ വെർച്വൽ ക്യൂ ബുക്കിംഗ് പൂർത്തിയായി.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

..................(വോയ്സ്)...................

✪✪✪

ആലപ്പുഴ അരൂരിൽ ദേശീയപാതയുടെ നിർമ്മാണത്തിലിരുന്ന ആകാശപാതയുടെ ഗർഡർ തകർന്നുവീണ് പിക്കപ്പ്‌വാൻ ഡ്രൈവർ മരിച്ച സംഭവം ഏറെ ഗൗരവതരമാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. അപകടവിവരം ദേശീയപാതാ അതോറിറ്റി അധികൃതരെ

**അറിയിച്ചതായും, നടപടി വേണമെന്ന് ആവശ്യപ്പെട്ടതായും മന്ത്രി കോഴിക്കോട്ട് അറിയിച്ചു. പള്ളിപ്പാട് സ്വദേശി രാജേഷാണ് മരിച്ചത്.**

✪✪✪

**ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ട് മത്സര, ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയ്ക്ക് നാളെ തുടക്കമാകും. കൊൽക്കത്തെയിലെ ഈഡൻ ഗാർഡൻസിലാണ് ആദ്യ മത്സരം. രണ്ടാം ടെസ്റ്റ് ഈ മാസം 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.**

✪✪✪

**2028 ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന്റെ സമ്പൂർണ മത്സര ക്രമം പുറത്തിറക്കി. ലോസ് ഏഞ്ചൽസിലും ഒക്‌ലഹാമ സിറ്റിയിലുമായി 49 വേദികളിൽ 36 കായിക ഇനങ്ങൾ സംഘടിപ്പിക്കും. ഒരു നൂറ്റാണ്ടിനു ശേഷം ക്രിക്കറ്റ്, ഒളിമ്പിക് നിരയിൽ വീണ്ടും എത്തുന്നു എന്നതാണ് ലോസ് ഏഞ്ചൽസ് ഒളിമ്പിക്സിന്റെ പ്രത്യേകത.**

✪✪✪

**നിരോധിത പദാർത്ഥങ്ങൾ ഉപയോഗിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് ഇന്ത്യൻ ഹാമർ ത്രോ താരം മഞ്ജു ബാലയ്ക്ക് അഞ്ച് വർഷത്തെ വിലക്കേർപ്പെടുത്തി. ദേശീയ ഉത്തേജക വിരുദ്ധ ഏജൻസി-നാഡയുടെ അച്ചടക്ക സമിതിയുടേതാണ് വിലക്ക്. 2014 ഇഞ്ചിയോൺ ഏഷ്യൻ ഗെയിംസിൽ വെങ്കല മെഡൽ ജേതാവാണ് മഞ്ജു.**

✪✪✪

**12-ാമത് NN പിള്ള സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം നാളെ കാസർകോട് മാണിയാട്ട് ആരംഭിക്കും. ഈ മാസം 23 വരെ K കുഞ്ഞിരാമൻ സ്മാരക ഓപ്പൺ ഓഡിറ്റോറിയത്തിലാണ് നാടകമേള. അഭിനയരംഗത്തെ സമഗ്രസംഭാവനക്ക് NN പിള്ള സ്മാരക പുരസ്കാരം നേടിയ നടി ഉർവശിക്കും, നാടകരംഗത്തെ സമഗ്ര സംഭാവനക്ക് KM ധർമ്മനും മേളയിൽ പുരസ്കാരം സമ്മാനിക്കും**

✪✪✪

---

*News Editor & News Reader : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ ,സാലിം*
*DEO: ഷീബ*